ഭരണഭാഷ – മാതൃഭാഷ

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം.

(ഹാജർ : ശ്രീ. ജോമോൻ.കെ.ജോർജ്ജ്, ബി.ടെക്)

**ഉത്തരവ് നമ്പർ: ബി2/162/2021/സിഇ തീയതി : 20/02/2023**

വിഷയം :- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ജീവനക്കാര്യം- ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം :- രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ 01/09/2022 തീയതി അടിസ്ഥാനമാക്കിയുള്ള അന്തിമ ഗ്രഡേഷൻ ലിസ്റ്റ്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കൊയിലാണ്ടി സബ് ഡിവിഷനിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി. സവിത. പി 31/01/2023 ൽ പ്രായപൂർത്തി പെൻഷനിൽ വിരമിച്ചത് വഴി ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരിൽ ഏറ്റവും സീനിയറായ ആളിന് സ്ഥാനക്കയറ്റം നൽകിയാണ് ടി ഒഴിവ് നികത്തേണ്ടത്. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) മാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറായ ശ്രീ. സി.ജെ. എബ്രഹാം ശൂന്യവേതനാവധിയിൽ തുടരുന്നതിനാൽ ടിയാന് തൊട്ടുതാഴെയുള്ളയാളും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനുമായ ശ്രീമതി. ബിന്ദു. കെ.എസ് നാണ് സ്ഥാനക്കയറ്റത്തിന് അർഹത. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം സ്ഥാനക്കയറ്റത്തിന് അർഹയായ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി ബിന്ദു. കെ.എസ് നെ 37400-79,000/- രൂപ ശമ്പള സ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

ടിയാൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 2 വർഷത്തിനുള്ളിൽ 1 വർഷം പ്രൊബേഷനിൽ ആയിരിക്കുന്നതാണ്.

ഒപ്പ്

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീമതി. ബിന്ദു. കെ.എസ്, രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ

(ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ ഏത് ക്വാട്ടയിൽ തുടരാൻ ആഗ്രഹിക്കുന്നു എന്നത് സംബന്ധിച്ച് ഓപ്ഷൻ ജോലിയിൽ പ്രവേശിക്കുമ്പോൾ തന്നെ നൽകേണ്ടതാണ്)

പകർപ്പ് :-
1. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡിസൈൻ)
2. ചീഫ് എഞ്ചിനീയറുടെ സി.എ
3. ഐ.റ്റി സെൽ
4. ഈ കാര്യാലയത്തിലെ ബി3, എ 6 സെക്ഷനുകൾക്ക്
5. സ്റ്റോക്ക് ഫയലിലേക്ക്.

ഉത്തരവിൻപ്രകാരം.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T5/vi